# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.153/PR/PIC/PHQ/17 Date : 05.08.2017

---

## അമിതപലിശക്കാർക്കെതിരെ ജില്ലാതല സ്ക്വാഡുകൾ വരുന്നു

നിയമവിരുദ്ധമായി പണം കടംകൊടുക്കുന്നവർക്കെതിരെയും അമിത പലിശ ഈടാക്കുന്നവർക്കെതിരെയും നടപടി കൂടുതൽ ശക്തമാക്കി സംസ്ഥാന പോലീസ്. അമിതപലിശക്കാരെയും ബ്ലേഡ് മാഫിയയേയും കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് ജില്ലാതല സ്ക്വാഡുകൾക്ക് രൂപം നൽകിയതായി സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ അറിയിച്ചു. ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പിയുടെ നേതൃത്വത്തിലാണ് സ്പെഷ്യൽ സ്ക്വാഡ് പ്രവർത്തിക്കുക. വനിത സെൽ/വനിത പോലീസ് സ്റ്റേഷനിൽ നിന്നുള്ള 08-10 വനിത പോലീസ് ഉദ്യോഗസ്ഥരും 04-05 പുരുഷ പോലീസ് ഉദ്യോഗസ്ഥരും ഈ സ്ക്വാഡിലുണ്ടാവും. നിയമവിരുദ്ധമായി പണം കടം കൊടുക്കുന്നവർക്കെതിരെ ഈ സ്ക്വാഡ് ജില്ലതലത്തിൽ പരിശോധന നടത്തി നടപടി സ്വീകരിക്കും. ജില്ലാതലത്തിൽ ലഭിക്കുന്ന പരാതികൾ സംബന്ധിച്ചും ഈ സ്ക്വാഡ് അംഗങ്ങൾ അന്വേഷണം നടപടി സ്വീകരിക്കും. ഇതിനുപുറമെ, അമിതപലിശക്കാരുടെ ചൂഷണം സംബന്ധിച്ചും ഇത്തരക്കാരുടെ വലിയിൽ വീണാൽ ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചും ചൂഷണത്തെക്കുറിച്ചുമുള്ള ബോധവത്കരണവും ഈ സ്ക്വാഡുകൾ നടത്തുമെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

*************